## മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/238/2017 2017 നവംബർ 11

### <u>പത്രക്കുറിപ്പ്</u>

*അന്താരാഷ്ട്ര ശിൽപ്പശാല*

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പരിസ്ഥിതി ശാസ്ത്രപഠനവകുപ്പും അന്തർ സർവ്വകലാശാല കേന്ദ്രങ്ങളായ ഇൻസ്ട്രുമെന്റേഷൻ സെന്ററും സുസ്ഥിര വികസന പഠന വിഭാഗവും സംയുക്തമായി സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ ഫോട്ടോ കെമിസ്ട്രി അന്താരാഷ്ട്ര ശിൽപ്പശാല ഹോട്ടൽ എക്സ് കാലിബറിൽ ശനിയാഴ്ച രാവിലെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യ ഉൾപ്പെടെയുള്ള ആഗോളരാജ്യങ്ങളിൽ നിന്നും എഴുപതിൽപ്പരം ശാസ്ത്രജ്ഞർ പങ്കെടുക്കുന്നു. പ്രകാശ രസതന്ത്രത്തിൽ ഊന്നിയുള്ള സോളാർ എനർജി, ഫ്യുൽ സെൽ, ഫോട്ടോ സിന്തെസിസ്, നാനോ ഇലക്ട്രോണിക്സ് തുടങ്ങിയ സാങ്കേതിക വിദ്യകളാണ് ചർച്ച ചെയ്യപ്പെടുന്നത്.

പ്രൊഫ. വാൻ ഗുണ്ടെല്ലെ (നെതർലന്റ്സ്), പ്രൊഫ. വാലുക് (പോളണ്ട്), പ്രൊഫ. തൈഹ ജു (കൊറിയ), പ്രൊഫ. ഒസാമു ഇഷിട്ടാനി (ജപ്പാൻ), പ്രൊഫ. ജോർജ്ജ് തോമസ് (ഐസർ, തിരുവനന്തപുരം), പ്രൊഫ. റാവു (ഐസർ, പൂനെ), പ്രൊഫ. ഭാസിക്കുട്ടൻ (ബാർക്ക്, മുംബൈ) പ്രൊഫ. വാസുദേവൻ പി. ബിജു (ജപ്പാൻ) തുടങ്ങി ഒട്ടനവധി ശാസ്ത്രജ്ഞർ വരുന്ന മൂന്നു ദിവസങ്ങളിലെ ക്ലാസ്സുകൾ നയിക്കും.

*അടിക്കുറിപ്പ്*

*പ്രകാശ രസതന്ത്രത്തിൽ ഉള്ള മൂന്നു ദിവസത്തെ അന്താരാഷ്ട്ര ശില്പശാല മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. വാൻ ഗുണ്ടലെ (നെതർലന്റ്സ്), പ്രൊഫ. മാധവ റാവു (ഐസർ, പൂനെ), പ്രൊഫ. ജോർജ്ജ് തോമസ് (ഐസർ, തിരുവനന്തപുരം), പ്രൊഫ. സി.ടി. അരവിന്ദകുമാർ, പ്രൊഫ. രാമസാമി (എം.ജി. യൂണിവേഴ്സിറ്റി) എന്നിവർ സമീപം*

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**